മാധ്യമം




ദേശീയ അധ്യാപക അവാർഡ് ജേതാവ് ഹംസ ബീവി രചിച്ച 'കഥ പറയുന്ന കൂട്ടിക്കൽ ഒരു നാടിന്റെ ഇന്നലെകൾ' പുസ്തകം അഡ്വ. എ.ജെ. സെബാസ്റ്റ്യൻ എം.എൽ.എ പ്രകാശനം ചെയ്യുന്നു

# പുസ്തക പ്രകാശനം

**കൂട്ടിക്കൽ:** ദേശീയ അധ്യാപക അവാർഡ് ജേതാവ് ഹംസ ബീവി രചിച്ച കൂട്ടിക്കൽ ഗ്രാമത്തിന്റെ ചരിത്ര പുസ്തകം 'കഥ പറയുന്ന കൂട്ടിക്കൽ ഒരു നാടിന്റെ ഇന്നലെകൾ' പുസ്തകത്തിന്റെ പ്രകാശനം അഡ്വ. എ.ജെ. സെബാസ്റ്റ്യൻ എം.എൽ.എ നിർവഹിച്ചു.

കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ആൻസി അഗസ്റ്റിൻ, കൊക്കയർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡി. സുഗുണൻ, വാർഡ് മെമ്പർ സോബിൻ സോമൻ, സാഹിത്യകാരൻ പൊൻകുന്നം സെയ്ദ്, മുതിർന്ന മാധ്യമപ്രവർത്തകൻ ഇ.പി. ഷാജുദ്ദീൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ആന്റണി കടപ്ലാക്കൽ, അയ്യൂബ് ഖാൻ, സൂസൻ ജോമി തുടങ്ങിയവർ സംസാരിച്ചു. കോഴിക്കോട് ജീനിയസ് ബുക്കാണ് പുസ്തക പ്രസാധകർ.